# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 1

## വാർത്താക്കുറിപ്പ്

### 'റീഡ് എലൗഡ്" ദിനാചരണം

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഫെബ്രുവരി 2)- 'ലോക റീഡ് എലൗഡ്(Read Aloud) ദിനാചരണം നടത്തുന്നു.

ഉറക്കെ വായിക്കുന്നതിന്റെയും കൂട്ടായി വായിക്കുന്നതിന്റെയും കരുത്ത് പ്രചരിപ്പിക്കുന്നതിനാണ് ഈ ദിനാചരണത്തിന് 2010-ൽ തുടക്കമിട്ടത്.

ഇന്ന് ( ഫെബ്രുവരി - 2 ) ഉച്ചയ്ക്ക് 2.30 -ന് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. അജു കെ നാരായണൻ പരിപാടി ഉത്ഘാടനം ചെയ്യും. തുടർന്ന് എഴുത്തുകാരും, അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും വായനയിൽ പങ്കാളികളാകും .

ഗൂഗിൾ മീറ്റിലൂടെ ഓൺലൈൻ ആയി നടത്തുന്ന പാരിപാടിയിൽ http://meet.google.com/uve-bpwp-soo എന്ന ലിങ്ക് മുഖേന പങ്കെടുക്കാം.

കൂടുതൽ വിവരങ്ങൾ 9446238800(മിനി ജി പിള്ള), 9846496323 (ഡോ. വിമൽ കുമാർ വി) എന്നീ നമ്പറുകളിൽ ലഭിക്കും.

(പി.ആർ.ഒ./39/130/2022)

### പരീക്ഷാ ഫലം

2021 ഡിസംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം) - റെഗുലർ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രം 790 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ഫെബ്രുവരി 14 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/131/2022)

2020 ഒക്ടോബറിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.കോം. മോഡൽ I (പ്രൈവറ്റ് രജിസ്ട്രേഷൻ) (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/132/2022)

### നിയമനം നടപടിക്രമങ്ങൾ പൂർണമായി പാലിച്ച്: രജിസ്ട്രാർ

എം.ജി. സർവ്വകലാശാല പരീക്ഷാഭവനിലെ അസിസ്റ്റന്റിനെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ

നിയമനങ്ങൾ നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന തരത്തിലുള്ള പ്രചാരണം തീർത്തും അടിസ്ഥാന രഹിതമാണെന്ന് രജിസ്ട്രാർ പ്രകാശ് കുമാർ ബി അറിയിച്ചു. എഴുത്തുപരീക്ഷ, ഇൻറർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് സംവരണ ക്രമമെല്ലാം പാലിച്ചാണ് ഈ തസ്തികയിലേക്കുള്ള മുഴുവൻ നിയമനങ്ങളും നടത്തിയിട്ടുള്ളത്.

ഇപ്രകാരം നിയമനം ലഭിച്ച 153 പേരിൽ നാലു വർഷം സർവ്വീസ് പൂർത്തിയാക്കിയ ബിരുദധാരികളായവരെയാണ് തസ്തികമാറ്റം വഴി അസിസ്റ്റൻ്റുമാരായി നിയമനം നടത്തിയിട്ടുള്ളത്. സംസ്ഥാന സെക്രട്ടറിയറ്റ് ഉൾപ്പെടെ സർക്കാർ സർവ്വീസിൽ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് തന്നെയാണ് സർവ്വകലാശാലയും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചതെന്നും രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ./39/133/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ